# മാവേലിക്കര ബ്ളോക്ക് പഞ്ചായത്ത്

## വാർഷിക പദ്ധതി 2019-20

# ബോക്ക് പഞ്ചായത്ത്, മാവേലിക്കര





# മിയാവാക്കി മാതൃകയിലുള്ള സംരക്ഷിത വനം



# ഗണിത ലാബ്

കണക്ക് പ്രയാസം കൂടാതെ പഠിക്കുന്നതിനുള്ള എളുപ്പ വഴികൾ ഗണിത ലാബിൽ  കൂടി  കുട്ടികളെ പഠിപ്പിക്കുന്നു

ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും ഗണിതാശയങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുന്നതിനും ഗണിതലാബ് മുഖ്യ പങ്ക് വഹിക്കുന്നു.

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത ഈ പദ്ധതി പ്രകാരം 36 എൽ.പി , 19 യു.പി വിദ്യാലയങ്ങൾക്കു വേണ്ടിയാണ് ഗണിത ലാബ് ഒരുക്കിയത്.

എൽ. പി., യൂപി വിഭാഗങ്ങളിൽ സമഗ്ര ശിക്ഷാ കേരളം മുഖാന്തിരമാണ് ഗണിതലാബ് സജ്ജീകരിച്ചിട്ടുള്ളത്

പഠനോപകരണങ്ങളുടെ സഹായത്തോടെ അക്കങ്ങൾ മനസ്സിലുറപ്പിക്കൽ മുതൽ ചതുഷ്ക്രീയാ പഠനം വരെ ലളിതമാക്കുന്നതിന് ഗണിതലാബ് സഹായിക്കുന്നു

എണ്ണം  ഉറപ്പിക്കാൻ
വല മുത്തുകൾ
ഉൾപ്പെടെ 40 ലധികം
പഠനോപകരണങ്ങൾ




എൽ.പി. വിഭാഗത്തിലെ
കുട്ടികളിൽ
അക്കങ്ങളുടെ
സ്ഥാനവില
ഉറപ്പിക്കാൻക്കാൻ
'ദിനോസർ ഗെയിം'



സ്ഥാനവില പഠിക്കാൻ
'ഷൂട്ടിങ് ബോർഡ്



# ഗുണിതവും ഘടകവും

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 |
| 41 | 42 | 43 | 44 | 45 | 46 | 47 | 48 | 49 | 50 |
| 51 | 52 | 53 | 54 | 55 | 56 | 57 | 58 | 59 | 60 |
| 61 | 62 | 63 | 64 | 65 | 66 | 67 | 68 | 69 | 70 |
| 71 | 72 | 73 | 74 | 75 | 76 | 77 | 78 | 79 | 80 |
| 81 | 82 | 83 | 84 | 85 | 86 | 87 | 88 | 89 | 90 |
| 91 | 92 | 93 | 94 | 95 | 96 | 97 | 98 | 99 | 100 |

ഒരാൾക്ക് 10 ടോക്കൺ വീതം (ഓരോത്തർക്കും പ്രത്യേക നിറം വേണം) ടോക്കണുകൾ ഇഷ്ടമുള്ള കളങ്ങളിൽ വയ്ക്കാം.ഓരോത്തരും 2 ഡൈസ് വീതം മാറിമാറി എറിയുന്നു. ലഭിക്കുന്ന അക്കങ്ങൾ ഉപയോഗിച്ച് ഇഷ്ടമുള്ള രണ്ടക്ക സംഖ്യ രൂപീകരിക്കാം.ഇത് ഏത് സംഖ്യയുടെ ഗുണിതമാണ് ? ആ സംഖ്യയിൽ വെച്ച ടോക്കൺ സ്വന്തമാക്കാം. സ്വന്തം ടോക്കണിന് 1 പോയിന്റ്. കൂട്ടുകാരന്റെ ടോക്കണിന് 2 പോയിന്റ്. കൂടുതൽ പോയിന്റ് ലഭിച്ച

# കളിനോട്ടുകൾ ( യു.പി വിഭാഗം ) -

1. കച്ചവടക്കണക്ക് പഠിപ്പിക്കാൻ
2. സ്ഥാനവില ഉറപ്പിക്കാൻ



# വിവിധ പഠനോപകരണങ്ങൾ






കളിനോട്ട്



ഏണിയും പാമ്പും





# ഗണിത ലാബ് എക്സിബിഷൻ

ചെന്നിത്തല മഹാത്മ ഗേൾസ് സ്കൂൾ



ചെന്നിത്തല മഹാത്മ ഗേൾസ് സ്കൂൾ



## പഠനോപകരണങ്ങൾ



## പഠനോപകരണങ്ങൾ




ഗണിത ലാബ്



# വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഗണിത ലാബ് വർക്ക് ഷോപ്പ് സന്ദർശിക്കുന്നു





# ഗണിതം മധുരമാക്കാൻ 55 ലാബുകൾ ഒരുങ്ങുന്നു

**സ്വന്തം ലേഖകൻ**

**മാവേലിക്കര**

നാലാംക്ലാസ് കുട്ടിക്ക് ഇനിമേൽ, ഗണിതംമധുരമാക്കാൻ മാവേലിക്കര ബ്ലോക്കിൽ 55 ലാബ് ഉടൻ തുറക്കും. പഠനോപകരണങ്ങളുടെ സഹായത്തോടെ അക്കങ്ങൾ മനസിലുറപ്പിക്കൽ മുതൽ ചതുഷ്ക്രിയാ പഠനംവരെ ലളിതമാക്കുന്നതിന് ഗണിതലാബ് സഹായിക്കും.

പത്തിനെ അടിസ്ഥാനമാക്കിയുള്ള സങ്കലനം പഠിക്കാൻ 'ടെൻസ് ഫ്രെയിം', സംഖ്യാ വ്യാഖ്യാനത്തിന് '[illegible]', സ്ഥാനവില പഠിക്കാൻ 'പ്ലേസ് വാല്യൂ ബോർഡ്', വ്യവകലനത്തിന് 'ടിനോസർ ഗെയിം', എണ്ണം ഉറപ്പിക്കാൻ 'വല മുത്തുകൾ' ഉൾപ്പെടെ ഒട്ടേറെ പഠനോപകരണങ്ങളുടെ നിർമാണം തുടങ്ങി. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഹാളിലാണ് പഠനോപകരണ നിർമാണം.

5.47 ലക്ഷം രൂപ ചെലവിൽ ചെട്ടികുളങ്ങര, ചെന്നിത്തല, മാന്നാർ, തഴക്കര, തെക്കേക്കര പഞ്ചായത്തുകളിലെ എയ്ഡഡ്, സർക്കാർ സ്കൂളിൽ ലാബ് ഒരുക്കിയാണ് വിദ്യാഭ്യാസരംഗത്ത് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പുതിയ പദ്ധതിക്കൊരുങ്ങുന്നത്. 36 എൽപി സ്കൂളിലും 19 യുപി സ്കൂളിലും ലാബ് തുറക്കും. പദ്ധതി നടത്തിപ്പ് മാവേലിക്കര ബിആർസി നിർവഹിക്കുമെന്ന് ട്രെയിനർമാരായ [illegible] സതീഷും പറഞ്ഞു.

പഠനോപകരണ നിർമാണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ രഘുപ്രസാദ് ഉദ്ഘാടനം ചെയ്തു. മാന്നാർ, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ എൽപി വിഭാഗം പഠനോപകരണ നിർമാണം ശനിയാഴ്ച സമാപിച്ചു. 24, 25 തീയതികളിൽ തഴക്കര, തെക്കേക്കര, ചെന്നിത്തല പഞ്ചായത്തുകളിലെ എൽപി വിഭാഗത്തിന്റെയും 28, 29 തീയതികളിൽ യുപി വിഭാഗത്തിന്റെയും നിർമാണപ്രവർത്തനം നടക്കും.

ഒരു സ്കൂളിൽനിന്ന് ഒരു അധ്യാപകനും രണ്ട് രക്ഷിതാവുമാണ് പങ്കെടുക്കുന്നത്. പഠനോപകരണത്തിന്റെ ഉപയോഗത്തിൽ പരിശീലനവും നൽകുന്നുണ്ട്. പഠനോപകരണം സുരക്ഷിതമായി വയ്ക്കാൻ അലമാരയും ബ്ലോക്കിൽനിന്ന് നൽകും.



[illegible] ഗണിതപഠനോപകരണ സാമഗ്രികളുമായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ രഘുപ്രസാദും അധ്യാപകരും






▪ മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് എയ്ഡഡ്–ഗവ.സ്കൂളുകൾക്കായി ഗണിത ലാബ് ഒരുക്കുന്നതിന്റെ ഭാഗമായി നടത്തിയ പഠനോപകരണ നിർമാണങ്ങളുടെ പ്രദർശനം.

## ● സ്കൂളുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഗണിത ലാബ്

# കൂട്ടിയും ഗുണിച്ചും കഷ്ടപ്പെടണ്ട; ഗണിതമിനി 'നിസാരം'

മാവേലിക്കര: ചെട്ടികുളങ്ങര, ചെന്നിത്തല, മാന്നാർ, തഴക്കര, തെക്കേക്കര ഗ്രാമപഞ്ചായത്തുകളിലെ 55 എയ്ഡഡ്–ഗവ.സ്കൂളുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഗണിത ലാബ് ഒരുക്കുന്നു.

5.47 ലക്ഷം രൂപ ചെലവിട്ടാണ് പദ്ധതി. എൽ.പി–യു.പി വിഭാഗങ്ങളെ ലക്ഷ്യമിട്ടാണ് പദ്ധതി. വിനോദങ്ങളിലൂടെയും പഠനോപകരണങ്ങളിലൂടെയും ഗണിതശാസ്ത്രം ലളിതമായ മാർഗത്തിൽ കുട്ടികളിലെത്തിക്കുക എന്നതാണ് ലക്ഷ്യം.

മാവേലിക്കര ബി.ആർ.സിയാണ് നിർവഹണം. ടെൻസ് ഫ്രെയിം, അരവിന്ദ ഗുപ്ത സ്ഥാനവില സ്ട്രിപ്പ്, ഷൂട്ടിങ് ബോർഡ്, ദിനോസർ ഗെയിം, വല മുത്തുകൾ ഉൾപ്പെടെ 40 ൽ പരം പഠനോപകരണങ്ങളുടെ നിർമാണമാണ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ആരംഭിച്ചത്. പ്രസിഡന്റ് കെ.രഘുപ്രസാദ് ഉദ്ഘാടനം ചെയ്തു.

25, 27 തീയതികളിൽ തഴക്കര, തെക്കേക്കര, ചെന്നിത്തല പഞ്ചായത്തുകളിലെ എൽ.പി വിഭാഗത്തിന്റെയും 28, 29 തീയതികളിൽ പഞ്ചായത്തുകളിലെ യു.പി വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ നടക്കും.

ഒരു അധ്യാപകനും രണ്ടു രക്ഷിതാക്കളുമാണ് ഓരോ സ്കൂളിൽ നിന്നും പങ്കെടുക്കുന്നത്. പരിശീലനവും ഇതോടൊപ്പം നൽകുന്നുണ്ട്. ജില്ലയിൽ ഈ പദ്ധതി ഏറ്റെടുക്കുന്ന രണ്ടാമത്തെ ബ്ലോക്കാണ് മാവേലിക്കര.